എറണാകുളം	..	31-5-2001
തൃശ്ശൂർ	..	31-1-2001
പാലക്കാട്	..	31-5-2001
മലപ്പുറം	..	30-3-2001
കോഴിക്കോട്	..	10-4-2001
വയനാട്	..	29-6-2002
കണ്ണൂർ	..	20-2-2001
കാസർഗോഡ്	..	30-7-2001

(ഡി) തൊഴിലാളികളിൽ നിന്നുമുള്ള അംശദായം പ്രതിമാസം 2 രൂപയും, മുവുടമാ വിഹിതവുമാണ് ബോർഡിന്റെ പ്രധാന വരുമാനങ്ങൾ. ബോർഡ് വിതരണം ചെയ്യുന്ന ക്ഷേമാനുകൂല്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, വരുമാനം പരിമിതമാണ്. ആയതിനാൽ കുടിശ്ശിക നിൽക്കുന്ന അപേക്ഷകളിൽ ആനുകൂല്യം വിതരണം ചെയ്യുന്നതിന് സമയപരിധി നിശ്ചയിക്കുവാൻ നിർവ്വാഹമില്ല. ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതനുസരിച്ച് ആനുകൂല്യങ്ങൾ മുഴുവനും കൊടുത്തുതീർക്കുന്നതാണ്.

പ്രവർത്തനം നിലച്ച എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്കുള്ള സൗജന്യ റേഷൻ

30 [2682] ശ്രീ. പി. ടി. തോമസ്:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എൻ. ഡി. അപ്പച്ചൻ:
„ ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ പ്രവർത്തനം നിലച്ച ഏതെല്ലാം എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്കാണ് സൗജന്യ റേഷൻ കൊടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഒട്ടാകെ എത്ര പേർക്ക് സൗജന്യ റേഷൻ കൊടുത്തു;

(സി) സൗജന്യ റേഷൻ ലഭിക്കാൻ അർഹതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയതാരാണ്;

(ഡി) ഈ ലിസ്റ്റിൽ തോട്ടം തൊഴിലാളികൾ അല്ലാത്തവർ എത്ര പേരുണ്ട്;

(ഇ) നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കും സൗജന്യ റേഷൻ കൊടുത്തിട്ടുണ്ടോ;

(എഫ്) സൗജന്യ റേഷന് അർഹതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയതിൽ ക്രമക്കേടുണ്ടെന്ന് പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തുനടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താഴെപ്പറയുന്ന 20 എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്കാണ് സൗജന്യ റേഷൻ നൽകിയത്.

(1)	മൗണ്ട് എസ്റ്റേറ്റ്	—	വണ്ടിപ്പെരിയാർ
(2)	മഞ്ചുമല എസ്റ്റേറ്റ്	—	വണ്ടിപ്പെരിയാർ
(3)	തേങ്ങാക്കൽ എസ്റ്റേറ്റ്	—	വണ്ടിപ്പെരിയാർ
(4)	തങ്കമല എസ്റ്റേറ്റ്	—	വണ്ടിപ്പെരിയാർ
(5)	പശുമല എസ്റ്റേറ്റ്	—	വണ്ടിപ്പെരിയാർ
(6)	നെല്ലിക്കാവ് എസ്റ്റേറ്റ്	—	വണ്ടിപ്പെരിയാർ
(7)	ഗ്രാന്റ്ഡി എസ്റ്റേറ്റ്	—	വണ്ടിപ്പെരിയാർ
(8)	പാംപനാർ എസ്റ്റേറ്റ്	—	പീരുമേട്
(9)	കോഴിക്കാനം	—	ഏലപ്പാറ
(10)	കുതിരുമല	—	പാംപനാർ
(11)	പീരുമേട്	—	ഉപ്പുതറ
(12)	ലോൺട്രി	—	ഉപ്പുതറ
(13)	പുള്ളിക്കാനം	—	വാഗമൺ
(14)	കോട്ടമല	—	വാഗമൺ
(15)	വാഗമൺ	—	വാഗമൺ 'എ'
(16)	തോണാമി	—	ഫെയർ ഫീൽഡ്
(17)	കോലാഹലമേട്	—	വാഗമൺ
(18)	സെമ്മനിവാലി	—	ഏലപ്പാറ
(19)	ഫെലിയറിയ	—	ഏലപ്പാറ
(20)	ലക്ഷ്മികോവിൽ	—	പീരുമേട്

(ബി) ആകെ 17224 കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകിയിട്ടുണ്ട്.

(സി) പീരുമേട് താലൂക്കിലെ വില്ലേജ് ഓഫീസർമാരും പീരുമേട് പ്ലാന്റേഷൻ ഇൻസ്പെക്ടറും സംയുക്തമായാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

(ഡി) ആരും ഇല്ല.

(ഇ) ഇല്ല.

(എഫ്) തൊഴിലാളികളോ ട്രേഡ് യൂണിയൻ പ്രതിനിധികളോ പരാതിപ്പെട്ടിട്ടില്ല. ഗുണഭോക്താക്കളുടെ ലിസ്റ്റ് റേഷൻകടകളിൽ പരസ്യമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly